**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. വി വിഘ്നേശ്വരി ഐ എ എസ്)

വിഷയം:- വനിത ശിശു വികസന വകുപ്പ് –പോഷകബാല്യം 2026 - 27 - ആദ്യഘട്ട തുക (ഏപ്രിൽ, മെയ്,ജൂൺ മാസത്തേയ്ക്ക്) അനുവദിച്ചുത്തരവാകുന്നു.

പരാമർശം:

1. 2026 -27 വർഷത്തെ സംസ്ഥാന ബഡ്ജറ്റ്.
2. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്.
3. 12.03.2026 ലെ WCD-B1/48/2026-WCD- Part(1) നമ്പർ സർക്കാർ കത്ത്.

**ഉത്തരവ് നം: DWCD/2016/2026-ICDSB1 തീയതി: 27-04-2026**

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ച മുരടിക്കൽ, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനും, സുസ്ഥിരവികസന ലക്ഷ്യമായ "സീറോ ഹംഗർ" കൈവരിക്കുന്നതിനുമായി അങ്കണവാടിയിൽ എത്തുന്ന 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും ആഴ്ചയിൽ 2 ദിവസം മുട്ടയും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന നൂതന സംസ്ഥാനപദ്ധതി (പോഷകബാല്യം) 2022-2023 ൽ ആരംഭിച്ചിട്ടുണ്ട്. 2025 -26 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും എന്ന രീതിയിൽ പദ്ധതി വിപുലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി തുടരുന്നതിനായി സംസ്ഥാന സർക്കാർ 2026 -27 സാമ്പത്തിക വർഷവും 2235-02-102-22-00-34-03 (PV) എന്ന ശീർഷകത്തിൽ 8090.00 ലക്ഷം രൂപ പരാമർശം (1) പ്രകാരം വകയിരുത്തിയിട്ടുണ്ട്.

നടപ്പ സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതിനായി 7498.00 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ സമർപ്പിച്ച് ആയത് അംഗീകരിച്ച് പരാമർശം 2 പ്രകാരം മിനിറ്റ്സ് ലഭ്യമായിട്ടുണ്ട്. 2026 -27 സാമ്പത്തിക വർഷവും പോഷകബാല്യം പദ്ധതി തടസ്സം കൂടാതെ തുടരുന്നതിന് പരാമർശം 3 പ്രകാരം സർക്കാർ നിർദേശവും ലഭ്യമായിട്ടുണ്ട്. പോഷകബാല്യം പദ്ധതി ഒരു തുടർ പദ്ധതി ആയതിനാലും പദ്ധതി തടസ്സം കൂടാതെ തുടരേണ്ടതിനാലും ആഴ്ചയിൽ 3 ദിവസം വീതം അങ്കണവാടികളിൽ മുട്ടയും, പാലും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുക കൂടി വിതരണം ചെയ്യേണ്ടതുണ്ട്. ആയതിനായി 2026 ഏപ്രിൽ, മേയ്, ജൂൺ മാസത്തെ പദ്ധതി ചെലവിനു ആവശ്യമായ തുക മുൻ വർഷത്തെ ചെലവിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

2026 ഏപ്രിൽ, മേയ്, ജൂൺ മാസത്തെ ചെലവിന് മുട്ടയ്ക്ക് ആവശ്യമായ 6,81,00,000/- രൂപയും, പാലിന് ആവശ്യമായ 6,49,50,000/-രൂപയും ഉൾപ്പെടെ ആകെ 13,30,50,000/-രൂപ (പതിമൂന്നു കോടി മുപ്പതു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-22-00-34-03(PV) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 8090.00 ലക്ഷം രൂപയിൽ നിന്നും 14 ജില്ലാ

വനിതാ ശിശു വികസന ഓഫീസർമാർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| SL No | District | EGG | MILK | TOTAL |
|---|---|---|---|---|
| 1 | Thiruvananthapuram | 6500000 | 5500000 | 12000000 |
| 2 | Kollam | 5300000 | 4700000 | 10000000 |
| 3 | Pathanamthitta | 2600000 | 2400000 | 5000000 |
| 4 | Alappuzha | 3200000 | 3550000 | 6750000 |
| 5 | Kottayam | 3400000 | 3600000 | 7000000 |
| 6 | Ernakulam | 5600000 | 5400000 | 11000000 |
| 7 | Idukki | 2300000 | 2200000 | 4500000 |
| 8 | Thrissur | 5300000 | 5200000 | 10500000 |
| 9 | Palakkad | 5300000 | 5100000 | 10400000 |
| 10 | Malappuram | 11500000 | 11000000 | 22500000 |
| 11 | Wayanad | 1800000 | 1600000 | 3400000 |
| 12 | Kozhikkode | 6600000 | 6400000 | 13000000 |
| 13 | Kannur | 5100000 | 4900000 | 10000000 |
| 14 | Kasargode | 3600000 | 3400000 | 7000000 |
| | **TOTAL** | **68100000** | **64950000** | **133050000** |

14 ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് മേൽപ്പട്ടിക പ്രകാരം അലോട്ട്മെന്റായി തുക ട്രാൻസ്ഫർ ചെയ്യുണ്ടതാണ്. ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പദ്ധതി ചെലവിനു ആവശ്യമായ തുക മുൻകൂറായി ശിശു വികസന പദ്ധതി ഓഫീസർമാർക്ക് അനുവദിച്ചു നൽകേണ്ടതാണ്. അനുവദിച്ച തുകയിൽ അവശേഷിക്കുന്ന തുക തുടർന്നുള്ള മാസത്തേയ്ക്ക് ചെലവഴിക്കാവുന്നതാണ്.തുകയുടെ വിനിയോഗ സാക്ഷ്യപത്രം ശിശു വികസന പദ്ധതി ഓഫീസർമാരിൽ നിന്നും പ്രോഗ്രാം ഓഫീസർമാർ ശേഖരിച്ച്, ആയത് ജില്ലാ വനിതാ ശിശു വികസന ഓഫീസർ BAMS മായി ഒത്തുനോക്കി ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

V. VIGNESHWARI. IAS
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശു വികസന ആഫീസര്മാർക്കും

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ആഫീസർമാർക്കും
3. സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷന്
4. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനു
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സൂപ്രണ്ട്**

Digitally signed by
Vigneshwari V
Date: 27-04-2026
15:17:46